**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5131** **14-03-2023 - ൽ മറുപടിയ്ക്ക്**

**ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു സമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ബാധകമായിട്ടുള്ള വിവിധ തൊഴിൽ നിയമങ്ങൾ പ്രാവർത്തികമാക്കുന്നത് വഴി ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വേതനം, സുരക്ഷയെ സംബന്ധിച്ച വ്യവസ്ഥകൾ, തൊഴിലുടമ നടപ്പിലാക്കേണ്ട വിവിധ സൗകര്യങ്ങൾ കൂടാതെ ബോണസ് നിയമം, ഗ്രാറ്റുവിറ്റി നിയമം എന്നീ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നു. ഇതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ച് വരുന്നു.<br><br>തൊഴിൽ രംഗങ്ങളിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗം പ്രവർത്തിച്ച് വരുന്നു. തൊഴിൽ തർക്കങ്ങളിൽ സമയോചിതമായി ഇടപെട്ട് തർക്ക പരിഹാരത്തിന് ശ്രമിക്കുന്നത് വഴി തൊഴിൽ രംഗത്തെ സമാധാന അന്തരീക്ഷം ഉറപ്പ് വരുത്തുന്നു. കൂടാതെ വിവിധ ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതു വഴി സാമൂഹ്യ സുരക്ഷ ഉറപ്പാക്കുവാൻ സാധിക്കുന്നു. |
| (ബി) | തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പുവരുത്താനും സ്ത്രീകൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന 1976-ലെ Equal Remuneration Act പ്രകാരം സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനകളിൽ തുല്യജോലിയ്ക്ക് തുല്യവേതനം എന്നത് ഉറപ്പു വരുത്താറുണ്ട്. 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് നിയമ പ്രകാരം തൊഴിലാളികൾക്ക് ഇരിപ്പിടം അവകാശമാക്കി വ്യവസ്ഥ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 50 തൊഴിലാളികളിൽ കൂടുതൽ പേർ ജോലി ചെയ്തു വരുന്ന സ്ഥാപനങ്ങളിൽ ക്രഷ് സംവിധാനം നടപ്പിലാക്കണമെന്ന വ്യവസ്ഥയും നിലവിൽ |

| | | | |
|---|---|---|---|
| | | | വന്നിട്ടുണ്ട്. രാത്രി 9.00 മണിയ്ക്കും രാവിലെ 6.00 മണിയ്ക്കും ഇടയിൽ സ്ത്രീകളെ ജോലിയ്ക്ക് നിയോഗിക്കുകയാണെങ്കിൽ അപ്രകാരം നിയോഗിക്കുന്ന സ്ത്രീ തൊഴിലാളിയുടെ അനുമതി തേടേണ്ടതും കൂടാതെ അഞ്ച് തൊഴിലാളികൾ ഉൾപ്പെടുന്ന ഗ്രൂപ്പ് ഉണ്ടായിരിക്കേണ്ടതും ഇതിൽ രണ്ട് തൊഴിലാളികൾ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ത്രീകളെ അവരുടെ വാസസ്ഥലത്ത് സുരക്ഷിതമായി എത്തിക്കുന്നതിന് മതിയായ യാത്രാസൗകര്യവും തൊഴിലുടമ നൽകേണ്ടതാണ്. ഇവയൊക്കെ സ്ത്രീകൾക്ക് സുരക്ഷിതത്വം കൂടി നൽകുന്ന നടപടികളാണ്. |
| (സി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിനായി 2013-ലെ Prevention of Sexual Harassment at Workplace Act നിലവിലുണ്ട്. ടി നിയമപ്രകാരം അഞ്ച് തൊഴിലാളികളിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ Internal Complaint Committee-കൾ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ